മുട്ടുണ്ട്. കാരണം അവരുടെ കമ്പനികളാണ് ഈ റേറ്റ് മീറ്റ് ചെയ്യുന്നതെങ്കിൽപോലും മറ്റുള്ള പല കാര്യങ്ങളിലും അവർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ കാര്യം കൊണ്ടുവന്നത്. ഒരിക്കൽ കൂടി ശ്രമം നടത്താം എന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാൻ സാദ്ധ്യമാകൂ.

ശ്രീ. കെ. സി. ജോസഫ് : സർ, 1986 സെപ്റ്റംബർ മാസം 16-ാം തീയതി എയർ ഇന്ത്യ 18 ശതമാനം ഡിസ്ക്കൗണ്ട് പ്രഖ്യാപിച്ചിരുന്നു. ആ ഡിസ്ക്കൗണ്ട് രണ്ടുദിവസം കഴിഞ്ഞു പിൻവലിച്ചു. ആ ഡിസ്ക്കൗണ്ടെങ്കിലും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതാണു പറഞ്ഞത് ഇടക്കാലത്ത് കോമ്പറ്റീഷൻ വർദ്ധന അവസരത്തിൽ അന്ന് എയർ ഇൻഡ്യയിൽ ആളുകയറുകയില്ല എന്നുള്ള നിലപാടെടുത്തു. അന്നൊരു അഡ്ജസ്റ്റ്മെന്റു ചെയ്തതാണ്. രണ്ടു ദിവസം കഴിഞ്ഞപ്പോഴേ അവർതന്നെ അത് തിരുത്തി. ഞാൻ മനസ്സിലാക്കുന്നത് ഇൻറർനാഷണൽ എയർട്രാവൽ അസോസിയേഷൻ ഈ ഭേദഗതി അനുവദിക്കാൻ പറ്റില്ലായെന്ന് അറിയിച്ചതിനെത്തുടർന്നായിരിക്കുമെന്നാണ്. ഏതായാലും ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് എന്തെങ്കിലും ചെയ്യാൻ പറ്റുമെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ഇ. കെ. നായനാർ : സർ, ഇക്കാര്യത്തിൽ എയർഇൻഡ്യാബോർഡ് ചെയർമാന്റെ ഒരു സ്റ്റേറ്റുമെന്റുണ്ട്. ഇൻഡ്യാഗവൺമെന്റു തീരുമാനിക്കുകയാണെങ്കിൽ തീർച്ചയായിട്ടും ഞങ്ങൾക്ക് ഒബ്ജക്ഷൻ ഇല്ല എന്നാണ്. എയർ ഇൻഡ്യ പറയുന്നത് ഇൻഡ്യാഗവൺമെന്റു തീരുമാനിക്കാത്തതു കൊണ്ടാണെന്നാണ്. കേരളീയരായ നമ്മളെ ചൂഷണം ചെയ്യുകയാണ്, അങ്ങേയറ്റം കൊള്ളയടിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ : സർ, എയർ ഇൻഡ്യാ ഒരു പബ്ലിക് അണ്ടർടേക്കിങ് ആണ്. ഇൻഡ്യാഗവൺമെന്റു തീരുമാനിച്ചാൽ എയർ ഇൻഡ്യ അതു നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഇൻഡ്യാഗവൺമെന്റിനു അത് ചെയ്യണമെങ്കിൽ ഞാൻ നേരത്തേ സൂചിപ്പിച്ചപോലെ ഇൻറർനാഷണൽ എയർട്രാവൽ അസോസിയേഷന്റെ തീരുമാനത്തെ ലംഘിക്കണം. അസോസിയേഷൻ നിശ്ചയിച്ച ചാർജ് ഏതെങ്കിലും ഒരു രാഷ്ട്രത്തിനു ഏകപക്ഷീയമായി ഭേദഗതി ചെയ്തു തീരുമാനിക്കാൻ അവകാശമില്ല എന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

III സബ്മിഷൻ

(1) ആനക്കട്ടി—ഷോളയാർ റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. പി. കുമാരൻ : സർ, കേരളപ്പിറവിയെ തുടർന്ന് കേരള പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത രണ്ടു റോഡുകളാണ് അട്ടപ്പാടിയിലെ ആനക്കട്ടി–ഷോളയൂർ റോഡും മുള്ളി–താവളം റോഡും. കേരളത്തിലെ സകല തട്ടിപ്പുകാരുടേയും വിഹാര ഭൂമിയാണ് എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടി. ഈ തട്ടിപ്പുകാർ ഈ റോഡുകളുടെ നിർമ്മാണത്തിലും കൈവച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ സഭയിൽ അംഗമാകുന്നതിന് മുമ്പ് ടെണ്ടർ കൊടുത്തുയെങ്കിലും യാതൊരു പണിയും ആനക്കട്ടി ഷോളയൂർ റോഡിൽ നടന്നിട്ടില്ല. ഇപ്പോൾ ടെണ്ടർ ടെർമിനേറ്റു ചെയ്തിരിക്കുകയാണെന്നറിയുന്നു. പല പ്രാവശ്യം ഈ റോഡിന്റെ കാര്യം എഞ്ചിനീയർമാരോടും ഉത്തരവാദപ്പെട്ടവരോടും ഞാൻ പറഞ്ഞതാണ്. എഴുതി കൊടുത്തതാണ്. കാര്യങ്ങളൊന്നും നീങ്ങാത്തത് കൊണ്ട് ഇപ്പോഴും പറയുന്നു. ഈ റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുത്തു കൊണ്ട് മറ്റ് യാതൊരു സ്കീമിലും പെടുത്തി ഒന്നും ചെയ്യാനും കഴിയുന്നില്ല. ഇപ്പോഴാകട്ടെ കഴുതയ്ക്ക് പോലും ആനക്കട്ടി—ഷോളയൂർ റോഡിലൂടെ നടക്കാൻ കഴിയുന്നില്ല. ആദിവാസികളും വിദേശനാണ്യം നേടിത്തരുന്ന നിരവധി എസ്റ്റേറ്റുകളുമുള്ള ഷോളയൂർ പഞ്ചായത്ത് ബാഹ്യലോകത്ത് നിന്നുതന്നെ ഒറ്റപ്പെട്ടിരിക്കുന്നു. ആനക്കട്ടി ഷോളയൂർ റോഡിന്റേയും മുള്ളി—താവളം റോഡിന്റേയും നിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷനെയോ മറ്റ് ഏതെങ്കിലും ഏജൻസിയേയോ ഏൽപ്പിച്ചെങ്കിലും അടിയന്തിരമായി നടത്തണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): കഴിഞ്ഞ മഴക്കാലത്ത് ധാരാളം റോഡുകൾക്ക് കേടുപാടുകൾ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് അറ്റകുറ്റ പണികളും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ആനക്കട്ടി ഷോളയൂർ റോഡിന്റെ പ്രവർത്തനം മണ്ണിടിഞ്ഞതുമൂലമാണ് തടസ്സപ്പെട്ടത്. അതിനാവശ്യമായ നടപടി എടുക്കുവാൻ നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

(2) തൃപ്പൂണിത്തുറയിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധ ജലക്ഷാമം.

ശ്രീ. കെ. ജി. ആർ. കർത്താ: തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ, തൃപ്പൂണിത്തുറ മുനിസിപ്പൽ, ടൗൺ, പഞ്ചായത്തു പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടാതെ അവിടത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. 1982 മുതലേ പല പദ്ധതികളും ആരംഭിച്ചു കഴിഞ്ഞുവെങ്കിലും ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. ഒരു വാട്ടർ ടാങ്കിന്റെ പണിയും തൃപ്പൂണിത്തുറയിൽ ആരംഭിച്ചു. അതിപ്പോൾ നിറുത്തലാക്കിയിരിക്കുന്നു. കുത്തകപ്പാടി കുമ്മനം ഗോത്രത്ത് ടാങ്ക് ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ ഏതാനും ലക്ഷം രൂപ ജലവിതരണം ചെയ്യാൻ ആവശ്യമാണെന്ന് ഈ ഡിപ്പാർട്ടുമെന്റ് ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവിടത്തെ ജലവിതരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ 135 ടാപ്പുകളിൽക്കൂടി ഇപ്പോൾ ശുദ്ധജലം കൊടുക്കുന്നുണ്ട്. അതിനു പുറമേ, 126 ലക്ഷം രൂപയുടെ ഒരു ആഗ്മെന്റേഷൻ സ്കീമിന് സാങ്ഷൻ കൊടുത്തിട്ടുണ്ട്. പൈപ്പുലൈൻ കംപ്ലീറ്റായി. ടാങ്ക് റീടെണ്ടർ ചെയ്തു. ആലുവ ട്രീറ്റ്മെന്റ് ടാങ്ക് പൂർത്തിയായി. തമ്മനത്ത് വെള്ളമെത്തിയാൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. അത് ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly